## കേരള സർക്കാർ

**ധനകാര്യ (പി. എ. സി.-ബി) വകുപ്പ്**

**സർക്കുലർ**

നമ്പർ 13/2017/ധന. തിരുവനന്തപുരം, 2017 മാർച്ച് 14.

*വിഷയം:*—ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19)—14-12-2016-ലെ യോഗനിർദ്ദേശങ്ങൾ—നടപ്പിലാക്കുന്നത്—സംബന്ധിച്ച്.

*സൂചന:*—(1) 11-12-2014-ലെ 105/2014/ധന നമ്പർ സർക്കുലർ.

(2) 25-1-2017-ലെ 798/എൽ.എഫ്.എ.സി. ബി2/2006/നി.സെ. നമ്പർ കത്ത്.

സൂചന (1)-ലെ സർക്കുലർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് 14-12-2016-ന് ചേർന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19)യുടെ യോഗം പരിഗണിക്കുകയും സി & എജി.-യുടെ ഓഡിറ്റ് റിപ്പോർട്ടും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധിച്ചത്) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടും നിയമസഭയിൽ സമർപ്പിച്ചാലുടൻ ധനകാര്യ വകുപ്പ് തന്നെ ബന്ധപ്പെട്ട വകുപ്പുകൾക്ക് റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കി, റിപ്പോർട്ടുകളിലെ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര പത്രിക (Remedial Measures Taken Statement)-യുടെ 5 പകർപ്പുകൾ സി & എജി.-ക്കും സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കണമെന്നും, ആയതിന്റെ 35 പകർപ്പുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്തു.

2. മേൽ സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചാലുടൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പുകൾ ധനകാര്യ (പി. എ. സി.-ബി) വകുപ്പിൽ ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ഇതിനാൽ നിർദ്ദേശിക്കുന്നു. കൂടാതെ പ്രസ്തുത റിപ്പോർട്ടിലെ

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement), ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആന്തരിക പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 3-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം 5 പകർപ്പുകൾ വീതം സി & എജി.-ക്കും, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്കും 35 പകർപ്പുകൾ നിയമസഭാ സെക്രട്ടേറിയറ്റിലും ലഭ്യമാക്കേണ്ടതാണ്. കൂടാതെ സൂചന (1) സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന ന്യൂനതാ പരിഹാര നടപടി പത്രികയുടെ മാതൃകയും ഇതിനാൽ ഭേദഗതി ചെയ്യുന്നു. (ന്യൂനതാ പരിഹാര നടപടി പത്രികയുടെ മാതൃക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.)

3. മേൽ നിർദ്ദേശങ്ങൾ ഹാന്റ് ബുക്കിൽ ഉൾപ്പെടുത്തുന്നു.

ഡോ. കെ. എം. എബ്രഹാം,

*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ വകുപ്പ് തലവന്മാർക്കും.

നോഡൽ ഓഫീസർ, *www.finance.kerala.gov.in*

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.



**അനുബന്ധം**

**പ്രൊഫോർമ**

**സി & എജി./സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ...........................................-ാമത് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച ന്യൂനത പരിഹാര നടപടി പത്രിക (Remedial Measures Taken Statement)**

| *ക്രമ നമ്പർ* | *ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം* | *ഓഡിറ്റ് ഖണ്ഡിക നമ്പർ* | *ശിപാർശ/ നിർദ്ദേശം* | *സ്വീകരിച്ച നടപടി* |
|---|---|---|---|---|
| | | | | |

(ഒപ്പ്)

*(സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ)*

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)